# പ്രേഷിത് സമാചാർ

SANTVANA NEWS LETTER

Issue No. 41
August 2013

www.sancomdis.org


# വിശ്വാസത്തിന്റെ വിത്ത് വിതയ്ക്കുവാൻ...

> രക്ഷയുടെ ആനന്ദവും ദൈവത്താൽ സ്നേഹിക്കപ്പെടുന്നതിന്റെ സന്തോഷവും എല്ലാ മനുഷ്യരും അനുഭവിച്ചറിയണം. ഇത് പങ്കുവയ്ക്കപ്പെടേണ്ട ഒരു ദാനമാണ്.
> ഇത് പങ്കുവയ്ക്കുന്നില്ലെങ്കിൽ നാം ഒറ്റപ്പെട്ടവരും ഫലരഹിതരും രോഗഗ്രസ്ഥരുമായ ക്രൈസ്തവരായിത്തീരും.
>
> (ഫ്രാൻസിസ് മാർപാപ്പ)

ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് എത്തിയ പതിനൊന്നുപേർ. ഒരേ ലക്ഷ്യവും, ഒരേ സ്വപ്നവുമായി അവർ സാന്ത്വനയുടെ ഡൽഹിയിലെ ഭവനത്തിന്റെ പടികൾ ചവിട്ടിയപ്പോൾ സ്വർഗ്ഗം സന്തോഷിച്ചിട്ടുണ്ടാകും. കാരണം, അവരുടെ ലക്ഷ്യം യേശുവിനെ അറിഞ്ഞിട്ടില്ലാത്തവരോട് രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുന്നതിനായി തങ്ങളെത്തന്നെ ഒരുക്കുകയും കർത്താവിന്റെ കൃപയും, ശക്തിയും സ്വീകരിക്കുകയും ചെയ്യുക എന്നതായിരുന്നു. കഴിഞ്ഞ ജൂൺ 15 മുതൽ ജൂലൈ 15 വരെ സാന്ത്വനയുടെ നേതൃത്വത്തിൽ നടത്തിയ സുവിശേഷപ്രഘോഷണപരിശീലനം വളരെ അനുഗ്രഹപ്രദമായിരുന്നു. യേശു നൽകുന്ന രക്ഷ അതിന്റെ പൂർണ്ണതയിൽ അനുഭവിക്കുന്നതിന് തങ്ങളുടെ ജീവിതത്തിലുള്ള തടസ്സങ്ങൾ നീക്കുവാനും, ദൈവസ്നേഹത്തിന്റെ മാധുര്യവും, പരിശുദ്ധാത്മാവിന്റെ അഭിഷേകവും രുചിച്ചറിയുവാനും, ഉത്തരേന്ത്യയുടെ സംസ്ക്കാരങ്ങളുടെയും, മറ്റു പ്രത്യേകതകളുടെയും പശ്ചാത്തലത്തിൽ എപ്രകാരം സുവിശേഷസന്ദേശം ഫലപ്രദമായി പ്രഘോഷിക്കാം എന്ന് മനസ്സി

ശേഷം രണ്ടാം പേജിൽ





ഇടയസന്ദേശം

## അനുഗ്രഹദായകമായ വിശ്വാസപ്രമാണം

ഫാ. ധീരജ് സാബു IMS

ഉരുവിട്ട് ശീലിച്ച വിശ്വാസപ്രമാണം ധ്യാനവിഷയമാക്കിയപ്പോൾ ലഭിച്ച ചില ഉൾക്കാഴ്ചകൾ പങ്കുവയ്ക്കട്ടെ,

വിശ്വാസികളെ, ദൈവസ്നേഹത്തിന്റെ വിശാലതയിലേക്കും ആഴങ്ങളിലേക്കും നയിക്കുവാൻ കഴിവുള്ള രഹസ്യങ്ങളാണ് വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നത്. സകല ജനതകളെയും ഉൾക്കൊള്ളുവാൻ കഴിവുള്ള ഒരു ഹൃദയവും സകല സൃഷ്ടിജാലങ്ങളോടും കരുതലുള്ള ഒരു മനവും കൈവരിക്കുവാൻ വിശ്വാസപ്രമാണം സഹായിക്കുന്നു. ഒരു മിഷനറിയ്ക്ക് ഇവ അത്യന്താപേക്ഷിതമാണ്.

വൈവിധ്യമാർന്ന മതപാരമ്പര്യങ്ങളും ആചാരങ്ങളും നിറഞ്ഞ ഈ ലോകത്തിൽ എല്ലാ ദൈവവിശ്വാസികളോടും ചേർന്ന് സ്നേഹത്തിന്റെ അരൂപിയിൽ ഏകദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുവാൻ വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗം നമ്മെ സഹായിക്കുന്നു. അനേകം സമൂഹങ്ങളായി വിഭജിക്കപ്പെട്ടുകിടക്കുന്ന എല്ലാ ക്രൈസ്തവസഭകളോടും ഐക്യപ്പെട്ടുകൊണ്ട് കർത്താവായ യേശുക്രിസ്തുവിലും ജീവദാതാവായ പരിശുദ്ധാത്മാവിലുമുള്ള വിശ്വാസമാണ് രണ്ടാം ഭാഗത്തും, മൂന്നാം ഭാഗത്തും നാം പ്രഖ്യാപിക്കുന്നത്.

പരിശുദ്ധ കത്തോലിക്കാ സഭയിലുള്ള വിശ്വാസവും, വിശുദ്ധരുടെ കൂട്ടായ്മയിലും ശരീരങ്ങളുടെ ഉയിർപ്പിലുള്ള വിശ്വാസവും, നിത്യജീവിതത്തിലുള്ള പ്രത്യാശയും ഏറ്റുപറയുന്ന നാലാംഭാഗം ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്കു നയിക്കുന്ന രഹസ്യങ്ങളാണ്.

പിതാവായ ദൈവത്തിന് സകലമനുഷ്യരോടുമുള്ള കരുണാർദ്രമായ സ്നേഹവും, സകല സൃഷ്ടിജാലങ്ങളെയുംപ്രതിയുള്ള കരുതലും അല്പമെങ്കിലും സ്വന്തം ജീവിതത്തിൽ പ്രതിഫലിപ്പിക്കുക എന്നതാണ് ഒരു മിഷനറിയുടെ വെല്ലുവിളി. യേശുവിന്റെ സാക്ഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ഓരോ ക്രൈസ്തവവിശ്വാസിയും അഭിമുഖീകരിക്കുന്ന വെല്ലുവിളിയും ഇതുതന്നെയാണ്. ഒരു പ്രേഷിതഹൃദയം നമ്മിലെല്ലാവരിലും രൂപപ്പെടുവാനും എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും ഗ്രഹിക്കുവാനും (എഫേ. 3:18) നിങ്ങൾക്ക് ശക്തി ലഭിക്കട്ടെ.






1-ാം പേജിൽ നിന്ന് തുടർച്ച (വിശ്വാസത്തിന്റെ വിത്ത് വിതയ്ക്കുവാൻ...)

ലാക്കുവാനും, പരിശീലനം നേടുവാനും സഹായിച്ച ഒരു പ്രോഗ്രാമായിരുന്നു ഇത്.

അഞ്ചുദിവസം നീണ്ടുനിന്ന ധ്യാനത്തിലൂടെ തങ്ങളുടെ വ്യക്തിപരമായ ദൈവാനുഭവം നവീകരിച്ച അവരെ കാത്തിരുന്നത് സമഗ്രമായ വ്യക്തിത്വവികസനത്തിനു സഹായിക്കുന്ന ക്ലാസുകളും പരിശീലനക്കളരികളുമായിരുന്നു. ദൈവവചനപണ്ഡിതനായ ഫാ. വിൻസെന്റ് (നാഗ്പൂർ) നയിച്ച ബൈബിളിനെക്കുറിച്ചുള്ള പഠനക്ലാസ്സുകൾ ദൈവവചനത്തെക്കുറിച്ചുള്ള ആഴമായ ബോധ്യങ്ങളിലേയ്ക്ക് എല്ലാവരെയും നയിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ സുവിശേഷം പങ്കുവയ്ക്കുന്നതിനുള്ള തീവ്രമായ പരിശീലനവും പ്രാർത്ഥനയുമായിരുന്നു. ദിനരാത്രങ്ങൾ നീണ്ട ഒരുക്കങ്ങൾക്കുശേഷം സുവിശേഷം പങ്കുവയ്ക്കുന്നതിനായി ഡൽഹിയിലും മഥുരയിലുമുള്ള രണ്ടു ഗ്രാമങ്ങളിലേയ്ക്ക് പുറപ്പെട്ടപ്പോൾ അവരുടെ ഹൃദയങ്ങളിൽ സുവിശേഷത്തിന്റെ അഗ്നി ജ്വലിക്കുന്നുണ്ടായിരുന്നു. ഗ്രാമങ്ങളിൽത്തന്നെ താമസിച്ചുകൊണ്ട് സധൈര്യം സുവിശേഷം പ്രഘോഷിച്ച നാല് ദിവസങ്ങൾ അവർക്ക് അവിസ്മരണീയങ്ങളായിരുന്നു. തങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിച്ച അപ്പസ്തോലന്മാരെപ്പോലെ ഏറെ ആനന്ദത്തോടെയാണ് അവർ സാന്ത്വനയിലേക്ക് മടങ്ങിയെത്തിയത്. പരിശീലനത്തിന്റെ അവസാനദിവസം നടന്ന അഭിഷേക പ്രാർത്ഥനയ്ക്ക് ഫാ. ധീരജ്സാബു ഐ.എം.എസ്., ഫാ. ഷെൽമോൻ (ഭോപ്പാൽ അതിരൂപത) എന്നിവർ നേതൃത്വം നൽകി. വി. കുർബാനയ്ക്കുശേഷം എല്ലാവർക്കും 'മിഷൻജ്യോതി' വിളക്കുകളും, സർട്ടിഫിക്കറ്റുകളും നൽകി. ഈശോ തങ്ങളെ ഏൽപ്പിച്ച സുവിശേഷത്തിന്റെ പ്രകാശം അനേകായിരങ്ങൾക്ക് പകർന്നുനൽകും എന്ന തീരുമാനത്തോടെയാണ് അവർ മടങ്ങിയത്.

●





# കുഞ്ഞുമോഹങ്ങളുമായി മിഷനിലേക്ക്...

**അലക്സി പള്ളൻ**



സാന്ത്വന കമ്മ്യൂണിറ്റി കേരളത്തിൽനിന്ന് വടക്കേഇന്ത്യയിലേക്ക് ഈ നാളുകളിൽ സംഘടിപ്പിച്ച മിഷൻയാത്രകളിൽ ഏറെ പ്രത്യേകതകൾ നിറഞ്ഞ യാത്രയായിരുന്നു ഏപ്രിൽ 10 മുതൽ 25 വരെ നടന്നത്. കാരണം, ഒരു വൈദികനാകണമെന്ന് കുറച്ചെങ്കിലും ആഗ്രഹിച്ച കൗമാരക്കാരായ 12 ആൺകുട്ടികൾക്കുവേണ്ടി പ്രത്യേകം സംഘടിപ്പിച്ച ഒരു മിഷൻയാത്രയായിരുന്നു അത്. കേരളത്തിൽനിന്നുതന്നെ അവരെ മിഷനുവേണ്ടി ഒരുക്കിയാണ് യാത്ര തുടങ്ങിയത്. ബ്ര. ജീവന്റെ നേതൃത്വത്തിൽ പുറപ്പെട്ട കുട്ടികളെ സഹായിക്കുവാനും മിഷൻ അനുഭവിച്ചറിയുവാനുമായി രണ്ട് സഹോദരിമാരും രണ്ട് കുടുംബങ്ങളും ഒപ്പമുണ്ടായിരുന്നു. സാന്ത്വനയുടെ ആഗ്രയിലെ ഭവനത്തിലാണ് അവർ ആദ്യം എത്തിയത്. മറ്റുള്ളവരോട് സുവിശേഷം പങ്കുവയ്ക്കേണ്ട രീതികളെക്കുറിച്ചുള്ള പരിശീലനക്ലാസ്സുകൾക്കും പ്രാർത്ഥനകൾക്കുംശേഷം അവിടെനിന്ന് ഗ്രാമങ്ങളിലേയ്ക്ക് അവർ പുറപ്പെട്ടു. മൂന്നുദിവസം ഗ്രാമങ്ങളിൽ ഗ്രാമവാസികളോടൊപ്പം താമസിച്ച് ഗാനങ്ങളിലൂടെയും സ്കിറ്റുകളിലൂടെയും മറ്റും സുവിശേഷം പങ്കുവച്ചു. വൈദികനാകുവാനുള്ള ആഗ്രഹം പലരുടെയും മനസ്സിൽ ശക്തമായി. എല്ലാവരും തങ്ങളുടെ ജീവിതം മിഷനുവേണ്ടി സമർപ്പിക്കുവാൻ തയ്യാറായി. ഒരു കുട്ടി പറഞ്ഞത് ഇപ്രകാരമാണ് “കുഞ്ഞുന്നാൾ മുതൽ എനിക്ക് വൈദികനാകണമെന്ന ആഗ്രഹമുണ്ടായിരുന്നു. കുറച്ചുനാളുകളായി ആ ആഗ്രഹം കുറഞ്ഞുവന്നിരുന്നു. ഒരു സാധാരണ

എഡിറ്റോറിയൽ



ബ്ര. ജീവൻ വലിയേഴത്ത്

# പ്യാർ കാ തോഫാ



"നമ്മൾ പാപംവഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോടുകാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോടുകൂടെ നമ്മെ ജീവിപ്പിച്ചു. കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു' (എഫേ.2:4-5)

ഒരു ദിവസം ഡൽഹിയിലെ ഹോളി റോസറി ദേവാലയത്തിൽ പ്രാർത്ഥനയ്ക്കുശേഷം പുറത്തിറങ്ങിയപ്പോൾ ഒരു കാർ എന്റെ അടുത്തുവന്നു നിർത്തി. അതിൽ ഡ്രൈവറും മറ്റൊരു ചെറുപ്പക്കാരനുമുണ്ടായിരുന്നു. അയാളുടെ രണ്ടു കൈകളിലും നീളത്തിൽ പ്ലാസ്റ്റർ ഇട്ടിരുന്നു. കാറിൽനിന്ന് ഇറങ്ങുവാൻ ഞാൻ അയാളെ സഹായിച്ചു. ഇറങ്ങിക്കഴിഞ്ഞപ്പോഴാണ് മനസ്സിലായത്, അയാളുടെ രണ്ടുകാലുകളിലും പരിക്കുകളുണ്ട്. "എന്തെങ്കിലും അപകടം പറ്റിയതാണോ?" എന്നു ഞാൻ അയാളോടു ചോദിച്ചു. ആ സഹോദരൻ പറഞ്ഞത് ഇപ്രകാരമാണ് "യഹ് പ്യാർ കാ തോഫാ ഹൈ (സ്നേഹിച്ചതിന് കിട്ടിയ പ്രതിഫലം) ഒരു പെൺകുട്ടിയെ ഞാൻ ജീവനുതുല്യം സ്നേഹിച്ചു. അത് ഇഷ്ടപ്പെടാതിരുന്ന അവളുടെ സഹോദരന്മാർ എന്നെ പിടിച്ച് ഒരു വിജനപ്രദേശത്ത് കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചു. രണ്ടുകൈകളും കാലുകളും അവർ അടിച്ചു തകർത്തു. ആ പെൺകുട്ടിയും എന്നെ ഉപേക്ഷിച്ചു. ഈ ലോകത്തിൽ ആരും എന്നെ സ്നേഹിക്കുന്നില്ല. ഇനി മരിച്ചാൽമതി എന്നുചിന്തിച്ചപ്പോൾ ഈ പള്ളിയിൽ വന്ന് പ്രാർത്ഥിക്കുവാൻ മനസിൽ ആരോ പറയുന്നതുപോലെ തോന്നി. അതുകൊണ്ടാണ് ഞാൻ ഇങ്ങോട്ടുവന്നത്. ഞാൻ ആദ്യമായാണ് ഒരു പള്ളിയിലേക്ക് വരുന്നത്. ഇവിടെ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് എനിക്കറിയില്ല!". ഞാൻ ആ സഹോദരനെ ദേവാലയത്തിനകത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അല്പനേരം അയാളോടൊപ്പം ഇരുന്ന് പ്രാർത്ഥിച്ചു. ക്രൂശിതരൂപത്തിലേയ്ക്ക് നോക്കിയശേഷം അയാൾ ചോദിച്ചു: യേശു ദൈവമല്ലേ, പിന്നെ എന്തുകൊണ്ടാണ് അദ്ദേഹത്തെ കുരിശിൽ തറച്ച് കൊന്നത്? ഞാൻ ആ സഹോദരനോട് പറഞ്ഞു: 'യേശുവിന്റെ ശരീരം തകർക്കപ്പെടുകയും ജീവൻ ബലിയർപ്പിക്കുകയും ചെയ്തത് എന്നെയും താങ്കളെയും അവിടുന്ന് അത്രമാത്രം സ്നേഹിക്കുന്നതുകൊണ്ടാണ്. ഈ ലോകത്തിൽ ആരെല്ലാം ഉപേക്ഷിച്ചാലും യേശു നിന്നെ ഉപേക്ഷിക്കുകയില്ല.' ദൈവത്തിന്റെ സ്നേഹത്തെയും, യേശുവിലൂടെ സൗജന്യമായി ലഭിക്കുന്ന പാപമോചനത്തെയും രക്ഷയെയും കുറിച്ച് കേട്ടുകഴിഞ്ഞപ്പോൾ ആ ചെറുപ്പക്കാരന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളിൽ സ്നേഹത്തിനുവേണ്ടിയുള്ള ദാഹമുണ്ട്. ഈ ദാഹം ശമിപ്പിക്കുവാൻ സ്നേഹം അന്വേഷിച്ച് അലയുകയും വഞ്ചിക്കപ്പെടുകയും, നിരാശരാകുകയും ചെയ്യുന്നവർ നിരവധിയാണ്. വ്യക്തിപരമായും വ്യവസ്ഥകളില്ലാതെയും സ്നേഹിക്കുന്ന പിതാവായ ദൈവത്തെക്കുറിച്ചും അവിടുത്തെ പുത്രനായ യേശുവിനെക്കുറിച്ചും അറിയുവാനും ആ സ്നേഹം അനുഭവിക്കുവാനും എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. എല്ലാവരും ഈ സത്യം തിരിച്ചറിയുന്നതിനായി നമുക്കു പ്രാർത്ഥിക്കാം. നാം അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം നമുക്കു ചുറ്റുമുള്ളവർക്ക് പകർന്നുകൊടുക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മിഷനറിയാകാം എന്ന് ചിന്തിച്ചു. എന്നാൽ ഇവിടുത്തെ ഗ്രാമങ്ങളിൽ വരുകയും ഇവിടെയുള്ള വൈദികരുടെ ദൗർലഭ്യം നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. രണ്ടോ മൂന്നോ മാസത്തിൽ ഒരിക്കൽമാത്രം വൈദികൻ എത്തി വിശുദ്ധകുർബാന അർപ്പിക്കുന്ന സ്ഥലങ്ങളുണ്ടെന്ന് അറിഞ്ഞതുമുതൽ ഒരു മിഷനറിവൈദികനാകുവാൻ ശക്തമായ ആഗ്രഹം എനിക്കുണ്ടായി". ഗ്രാമങ്ങളിലെ അവരുടെ ശുശ്രൂഷകൾവഴി പലർക്കും രോഗസൗഖ്യവും മറ്റനേകം അനുഗ്രഹങ്ങളും ലഭിച്ചു. ഏറെ സന്തോഷത്തോടെ അവർ സാന്ത്വനയുടെ ഡൽഹിയിലെ ഭവനത്തിലെത്തി. അവിടെ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും മിഷൻചൈതന്യത്തിൽ വളരുന്നതിനായി അവർക്കുവേണ്ടി ഒരുക്കിയ ക്ലാസ്സുകളിൽ പങ്കെടുക്കുകയും ചെയ്തു. ജീവിതം മുഴുവനും മിഷനുവേണ്ടി പ്രാർത്ഥിക്കുവാനും, കഴിയുന്നവിധത്തിൽ മിഷൻ പ്രവർത്തനങ്ങൾ ചെയ്യുവാനും തീരുമാനിച്ചാണ് അവർ മടങ്ങിയത്. അവസാനദിവസം അർപ്പിക്കപ്പെട്ട സമർപ്പണദിവ്യബലിയിൽ 'മിഷൻജ്യോതി' വിളക്കുകൾ അവർക്കു നൽകി. ആഗ്രയിലെ താജ്മഹൽ സന്ദർശിക്കുവാനും, ഡൽഹിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ കാണുവാനും മിഷൻയാത്രയ്ക്കിടെ അവർക്ക് അവസരം ലഭിച്ചിരുന്നു.



## ഭീംനഗർ മിഷൻ

സിസ്റ്റർ റീനാ കൂജൂറിന്റെ നേതൃത്വത്തിൽ സാന്ത്വനയിലെ മിഷനറി സഹോദരിമാർ നാൽപ്പതുദിവസത്തെ മിഷനുവേണ്ടി ഉത്തർപ്രദേശിലെ ഭീംനഗർ എന്ന ഗ്രാമത്തിൽ എത്തി. ആഗ്രാ അതിരൂപതയുടെ മിഷൻപ്രദേശമായ ആ സ്ഥലത്ത് നാൽപ്പതോളം ക്രൈസ്തവകുടുംബങ്ങളുണ്ട്. എന്നാൽ അവരിൽ ഭൂരിഭാഗംപേരുടെയും വിശ്വാസം ദുർബലമാണ്. സാന്ത്വനയിലെ മിഷനറി സഹോദരിമാരുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും, അവിടെയുള്ള ക്രൈസ്തവരുടെ വിശ്വാസം ശക്തിപ്പെടുന്നതിനുവേണ്ടിയും പുതിയതായി ധാരാളം വിശ്വാസികൾ ഉണ്ടാകുന്നതിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണമേയെന്ന് അഭ്യർത്ഥിക്കുന്നു.



# സാന്ത്വനഗ്രാമം യാഥാർത്ഥ്യമാകുന്നു

അഞ്ചുവർഷങ്ങൾക്കു മുമ്പാണ് സാന്ത്വനയുടെ ശുശ്രൂഷകൾ കേരളത്തിൽ ആരംഭിച്ചത്. ഇതുവരെ സാന്ത്വനയ്ക്ക് കേരളത്തിൽ സ്വന്തമായി ഒരു ഭവനമോ സ്ഥലമോ ഇല്ലായിരുന്നു. കഴിഞ്ഞ രണ്ടുവർഷത്തോളമായി 'സാന്ത്വനഗ്രാമം' എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനുവേണ്ടി സ്ഥലം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയായിരുന്നു. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി സാന്ത്വനഗ്രാമത്തിനുവേണ്ടി തൃശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ഒന്നരഏക്കറോളം സ്ഥലം ലഭിച്ചിരിക്കുന്നു. സാന്ത്വനയുടെ സീനിയർ അംഗമായ ശ്രീ സന്തോഷ് ചിറ്റിലപ്പിള്ളിയാണ് തനിക്ക് പൈതൃകമായി ലഭിച്ച കുടുംബസ്വത്തിൽ നിന്നും സാന്ത്വനയുടെ ശുശ്രൂഷകൾക്കായി സ്ഥലം നൽകിയത്.

ദൈവസ്നേഹത്തിൽ ആഴപ്പെട്ട്, പ്രകൃതിയുമായി രമ്യതയിലുള്ള ജീവിതം, ലളിതമായ ശൈലിയിൽ പണിയപ്പെട്ട വീടുകൾ, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചും, സഹജീവികളെ സ്നേഹിച്ചുകൊണ്ടും ജൈവ രീതിയിൽ കൃഷിചെയ്തും അധ്വാനത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന ജീവിതശൈലി ഇവയൊക്കെയായിരിക്കും സാന്ത്വനാഗ്രാമത്തിന്റെ പ്രത്യേകതകൾ. ഇവിടെ ഒരു നിത്യാരാധനാചാപ്പലും, സുവിശേഷം പങ്കുവച്ചുകൊണ്ടുള്ള ജീവിതത്തിന് വിശ്വാസികളെ ഒരുക്കുന്ന ഒരു പരിശീലനകേന്ദ്രവും ഉണ്ടായിരിക്കും. കൗൺസിലിംഗും പ്രാർത്ഥനയും ആവശ്യമുള്ളവർക്കും, ഏകാന്തതയിലും നിശ്ശബ്ദതയിലും ധ്യാനിക്കുവാൻ ആഗ്രഹിക്കുന്നവർക്കും ഈ ജീവിതശൈലി പരിചയപ്പെടുവാൻ താൽപര്യമുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും ഏതാനും ദിവസം താമസിച്ച് പ്രാർത്ഥിക്കുന്നതിനും സാന്ത്വനാഗ്രാമത്തിൽ സൗകര്യമുണ്ടായിരിക്കും.



ഈ സ്വപ്ന സാക്ഷാത്ക്കാരദൗത്യം ഏറ്റെടുത്ത് ഡൽഹിയിൽനിന്നും കേരളത്തിലെത്തിയ നവീൻ-ജിനി കുടുംബം തൃശൂരിലെ സാന്ത്വനയുടെ താൽക്കാലിക ഭവനത്തിൽ താമസിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങി. സാന്ത്വനാഗ്രാമത്തിന്റെ നിർമ്മാണത്തിലും, ശുശ്രൂഷകളിലും ഭാഗഭാക്കാകുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക. ഈ സംരംഭത്തിനുവേണ്ടി സാമ്പത്തികമായി സഹായിക്കുവാൻ ദൈവാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുന്നുവെങ്കിൽ താഴെ കാണുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം അയയ്ക്കാവുന്നതാണ്.

Santvana Community of Disciples
Bank: South Indian Bank
Account No. : 0153053000014904
IFSC Code : SIBL0000153
Branch : Connaught Place, New Delhi

പണമയയ്ക്കുന്നവർ പേര്, അഡ്രസ്സ്, അയച്ച തുക എന്നിവ ഫോൺ വഴിയോ, ഇ-മെയിൽ വഴിയോ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.



## ഒരു കൈത്താങ്ങ്...

പ്രേഷിത് സമാചാർ നിങ്ങളുടെ കൈകളിലെത്തിക്കാൻ പ്രിന്റിംഗിനും പോസ്റ്റേജിനും ഉൾപ്പെടെ ഏകദേശം 45,000 രൂപാ ചിലവുവരും. ആയതിലേയ്ക്ക് നിങ്ങളുടെ സംഭാവനകൾ സ്വാഗതം ചെയ്യുന്നു. പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടി നിങ്ങൾ നൽകുന്നത് എത്രചെറിയ തുകയാണെങ്കിലും അത് ദൈവസന്നിധിയിൽ വളരെ വിലയുള്ളതാണ്. നിങ്ങളുടെദശാംശം ചെക്കോ, ഡി.ഡി. യോ മണിഓർഡറോ ആയി SANTVANA COMMUNITY എന്ന പേരിൽ സാന്ത്വനയുടെ കോട്ടയത്തെ അഡ്രസിലേക്ക് അയയ്ക്കുക. നെറ്റ്ബാങ്കിംഗ് വഴിയും മിഷനിലേയ്ക്ക് പണമയയ്ക്കാവുന്നതാണ്.
അപ്രകാരം പണമയയ്ക്കുന്നവർ
Santvana Community,
A/c No. 0210053000005995, South Indian Bank (Kallara Branch)
IFSC No. SIBL0000210
എന്ന അക്കൗണ്ടിലേക്ക് അയയ്ക്കുക. പേര്, അഡ്രസ്സ്, അയച്ച തുക എന്നിവ ഫോൺ വഴിയോ, ഇ-മെയിൽ വഴിയോ അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

Ph: 09495235709,
E-mail: santvanakerala@gmail.com



ആഗ്രയിലെ സി.എഫ്.എം.എസ്സ്.എസ്സ്. സിസ്റ്റേഴ്സിനുവേണ്ടി നടത്തിയ ആത്മീയനവീകരണ സെമിനാറിൽ ശ്രീ. സന്തോഷ് ചിറ്റിലപ്പള്ളി വചനം പങ്കുവയ്ക്കുന്നു.



സാന്ത്വനയുടെ ബുറാഡിയിലെ പ്രാർത്ഥനാലയത്തിൽ കൃപാസത്സംഗിൽ പങ്കെടുക്കുവാനെത്തിയ വിശ്വാസികളോടൊപ്പം സിസ്റ്റർ സെലിൻ



സാന്ത്വനയുടെ പ്രാർത്ഥനാലയത്തിലെ പ്രാർത്ഥനവഴി സൗഖ്യം ലഭിച്ച കുതിരകളുമായി നന്ദിപറയുവാനെത്തിയ ആൾ ധീരജ് അച്ചനോടൊപ്പം



ചെന്നൈയിൽ നിന്നുള്ള ജീസസ് യൂത്തിനുവേണ്ടി സാന്ത്വന കമ്യൂണിറ്റി ഡൽഹിയിൽ സംഘടിപ്പിച്ച മിഷൻ ഔട്ട്റീച്ചിൽ നിന്ന്



ഉത്തർപ്രദേശിലെ ജൈത്ത് ഗ്രാമത്തിൽ നടത്തിയ മിഷൻ ഔട്ട്റീച്ചിനിടെ ബ്രദർ കല്യാൺ എക്ക വചനം പങ്കുവയ്ക്കുന്നു.



സാന്ത്വന കമ്യൂണിറ്റിയിലെ പുതിയ അംഗങ്ങൾ സിസ്റ്റർ റീനയോടൊപ്പം



ഡൽഹി അതിരൂപതയിലെ സെമിനാരിയൻസിനുവേണ്ടി നടത്തിയ ഡീക്കൻപട്ട ഒരുക്ക ധ്യാനം



ആഗ്രയിൽ ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കുവേണ്ടി നടത്തിയ ഒരുക്ക സെമിനാറിൽ നിന്ന്



ജീസസ് യൂത്ത് ഫുൾടൈമേഴ്സിനുവേണ്ടി നടത്തിയ സുവിശേഷ പ്രഘോഷണ പരിശീലനത്തിൽ ശ്രീ. നവീൻ ലോബോ ക്ലാസ്സെടുക്കുന്നു.

## ഞങ്ങളെ ബന്ധപ്പെടുവാനുള്ള വിലാസം


**KERALA :**
Santvana Mission House,
Muttuchira P.O.,
Kottayam - 686 613, Kerala
Tel: 09495235709, 9387931863
e-mail: santvanakerala@gmail.com

**AGRA :**
Santvana Community, 22 Park Avenue, Pushpanjali Ashiana,
Near UPSIDC Road, Agra-282007, UP.
Tel : 09557155400, 09897815540
e-mail: santvanaagra@gmail.com

**DELHI :**
Santvana Community,
H.No. 192-A, KH. No. 146,
Takia Chowk, Burari P.O., Delhi - 110084
Ph: 011-27612978, 27619665
e-mail: santvanadelhi@gmail.com

**VARANASI :**
Santvana Community
Jansewa Ashram,
Benipur, Christ Nagar P.O.,
Varanasi, UP 221003
Ph: 09198120949

www.sancomdis.org



Printed and Published by Jeevan Kumar on behalf of Santvana Community. Designing & Printing: SR Graphics, Kottayam. Ph: 0481-2301142 (For Private Circulation Only)